III സബ്മിഷൻ

(1) എടക്കാട് മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. എം. വി. ജയരാജൻ : സർ, എൽ.ഐ.സി. ധനസഹായത്തോടെ 14 സെൻസസ് ടൗണുകളിൽ കുടിവെള്ളം എത്തിക്കാൻ വാട്ടർ സപ്ലൈ പ്രോജക്ട് ഡിവിഷന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ അഞ്ചു പദ്ധതികളാണുള്ളത്. 1998-ലാണ് ഈ പദ്ധതികൾ ആരംഭിക്കുന്നത്. തലശ്ശേരി, കൂത്തുപറമ്പ്, എടക്കാട് മണ്ഡലത്തിൽ പെടുന്ന അഞ്ചരക്കണ്ടി, മുഴപ്പിലങ്ങാട്, കതിരൂർ, എരഞ്ഞോളി എന്നീ പഞ്ചായത്തുകളും പെരളശ്ശേരിയും ഉൾപ്പെടെ ഒമ്പത് സെൻസസ് ടൗണുകളുമാണ് ഈ പദ്ധതിയുടെ പ്രവർത്തന മേഖല. നാലര ലക്ഷം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് ഇത്. 75.12 കോടി രൂപ ചെലവാക്കിയ ഈ പദ്ധതി 1998-ൽ ആരംഭിച്ച് 2001-ൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ലക്ഷ്യമിട്ടത്. ഇതിനകം 19 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. എന്നാൽ വെള്ളം ജനങ്ങൾക്ക് ലഭ്യമായിട്ടില്ല. ആകെ 12 ജലസംഭരണികളിൽ 11 എണ്ണവും പൂർത്തീകരിച്ചു എങ്കിലും അതിൽ ഒന്നിലും വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഏഴ് ഹെക്ടർ സ്ഥലം വേണ്ടതിൽ നാല് ഹെക്ടർ സ്ഥലം മാത്രമാണ് അക്വയർ ചെയ്തത്. ബാക്കി സ്ഥലം അക്വയർ ചെയ്യാൻ 58 ലക്ഷം രൂപ ആവശ്യമാണ്. ഗ്രാവിറ്റി മെയിനിന്റെയും വിതരണ ശൃംഖലയുടേയും പണി പൂർത്തിയായാലെ ജനങ്ങൾക്ക് വെള്ളം ലഭിക്കൂ. 25% പണി മാത്രമാണ് പൂർത്തിയായത്. പദ്ധതി ചെലവിന്റെ 40% വരുന്ന എൽ.ഐ.സി. ധനസഹായം പൂർണ്ണമായും ലഭിച്ചുകഴിഞ്ഞു. ഇനി 75 കോടി രൂപ റിവൈസ് ചെയ്ത നിരക്കനുസരിച്ച് വേണ്ടിവരുമെന്നാണ് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻമാർ കണക്കാക്കിയിരിക്കുന്നത്. ഇതിനകം മന്ത്രിയുടെ സാന്നിധ്യത്തിൽ രണ്ടു തവണ യോഗം ചേർന്നു. ചില പരിഹാര നിർദ്ദേശങ്ങൾ ഉണ്ടായെങ്കിലും അതൊന്നും പ്രായോഗികമായി നടപ്പായികഴിഞ്ഞിട്ടില്ല. കേന്ദ്രസർക്കാരിന്റെ Accelerated Urban Water Supply Programme-ൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങി പണി പൂർത്തീകരിക്കണമെന്നാണ് ഏറ്റവും ഒടുവിലുണ്ടായ ധാരണ. പെരുവഴിയിലാക്കാതെ ഈ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം. അവശേഷിക്കുന്ന ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കണം. കേന്ദ്ര സാമ്പത്തിക സഹായം നേടിയെടുത്തുകൊണ്ട് നാലര ലക്ഷത്തോളം വരുന്ന കണ്ണൂർ, തലശ്ശേരി താലൂക്കുകളിലെ ജനങ്ങൾക്ക് പ്രയോജനകരമായ വാട്ടർ സപ്ലൈ സ്കീം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : അങ്ങ് കാണിച്ച പൊതുവായ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഇത് നടപ്പാക്കാത്തതിന്റെ കാരണത്തെക്കുറിച്ച് അങ്ങേയ്ക്ക് നന്നായി ബോധ്യപ്പെട്ടിട്ടുണ്ട് എന്ന് എനിക്കറിയാം. എൽ.ഐ.സി. സ്കീമുകൾക്ക് ഒരു പ്രധാനപ്പെട്ട ബുദ്ധിമുട്ടുണ്ട്. 40% ഫണ്ട് മാത്രമേ അവർ തരിക്കയുള്ളൂ. 60% നമ്മൾ സ്റ്റേറ്റ് ഫണ്ടിംഗ് സിസ്റ്റത്തിൽ നിന്ന് എവിടെ നിന്നെങ്കിലും കണ്ടുപിടിക്കണം. 75 കോടി രൂപയ്ക്ക് ഇപ്പോൾ പറയുന്ന 40% കഴിച്ചാൽ ബാക്കി തുക നമുക്ക് എവിടെനിന്ന് കണ്ടെത്താൻ കഴിയുമെന്ന ബുദ്ധിമുട്ടാണ് ഇപ്പോൾ വാട്ടർ അതോറിറ്റിയെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നത്. എൽ.ഐ.സി.-യുടെ ധനസഹായത്തോടെയുള്ള അഞ്ചരക്കണ്ടി, മുഴപ്പിലങ്ങാട്, കതിരൂർ, എരഞ്ഞോളി, പെരളശ്ശേരി സമീപ വില്ലേജുകൾക്കുവേണ്ടി നടത്തുന്ന നഗര ശുദ്ധീകരണ പദ്ധതിക്കുവേണ്ടി പഴശ്ശി ബാരേജിൽ 12 മീറ്റർ വ്യാസമുള്ള കിണറും ഡ്രോവാട്ടർ പമ്പ്ഹൗസും പൂർത്തിയായി. പദ്ധതിക്കുവേണ്ടി ചാവശ്ശേരിപ്പറമ്പിൽ 46 എം.എൽ.ഡി. ശുദ്ധീകരണശാല പണി പൂർത്തിയായി. വിവിധ പഞ്ചായത്തുകളിലായി ഉദ്ദേശിച്ച 12 ശുദ്ധജല സംഭരണികളിൽ 11 എണ്ണത്തിന്റെ പണി പൂർത്തിയായി. ശേഷമുള്ള ഒരെണ്ണത്തിന്റെ ടെൻഡർ ക്ഷണിച്ചു കഴിഞ്ഞു. ഈ പദ്ധതിക്ക് ആവശ്യമായ ഏഴ് ഹെക്ടർ സ്ഥലത്തിൽ നാല് ഹെക്ടർ സ്ഥലം ലഭിച്ചു കഴിഞ്ഞു. ബാക്കി സ്ഥലത്തെ അക്വിസിഷൻ പുരോഗമിച്ചു വരികയാണ്. എനിക്ക് ബഹുമാനപ്പെട്ട അങ്ങയോട് ഒരു കാര്യം പറയാനുണ്ട്. അങ്ങയുടെ എല്ലാ സ്വാധീനവും വിനിയോഗിച്ച് ഈ ലാന്റ് ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള പ്രാദേശികമായ എല്ലാ സഹായവും ചെയ്യണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വെളിയംപാറ പമ്പ്ഹൗസ് മുതൽ ചാവശ്ശേരി പമ്പ്ഹൗസ് വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പമ്പിംഗ് മെയിനിനുവേണ്ടി രണ്ട് പൈപ്പ് ലൈൻ പാലങ്ങളുടെ പണിയും പൂർത്തിയായി. പമ്പിംഗ് മെയിൻ കൊട്ടാരം ഭാഗത്ത് ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതികളുടെ എസ്റ്റിമേറ്റ് നേരത്തെ സൂചിപ്പിച്ചതുപോലെ 7511.84 ലക്ഷം രൂപയാണ്. ഇതുവരെ 1924 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനുള്ള ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. അതിന്റെ കാരണങ്ങൾ ഞാൻ നേരത്തെ വിശദീകരിച്ചിരുന്നതാണ്. പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന എൽ.ഐ.സി. ധനസഹായത്തിന്റെ ബുദ്ധിമുട്ടാണ്. ഈ പദ്ധതി നിർദ്ദിഷ്ട രൂപത്തിൽ പൂർത്തിയാക്കുന്നതിന് ഇനിയും ഏകദേശം 75 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഈ തുക കണ്ടെത്തുന്നതിന് വേണ്ടിയുള്ള അടിയന്തിര ശ്രമം ആവശ്യമാണ്. ഇപ്രകാരം പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ തുക ദേശസാൽകൃത ബാങ്ക്, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് ലോൺ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ പ്രാവശ്യം നമ്മൾ നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ഏകദേശ ധാരണ. ഇതോടൊപ്പം തന്നെ അർബൻ വാട്ടർ സപ്ലൈ സ്കീമിൽ നിന്ന് കേന്ദ്ര സഹായം എന്തെങ്കിലും ലഭ്യമാണോ എന്ന് നമ്മൾ പരിശോധിക്കുന്നുണ്ട്. ഗവൺമെന്റിനെക്കൊണ്ട് ആകുന്ന വിധത്തിലുള്ള സഹായം ഇത് പൂർത്തീകരിക്കുന്നതിനുവേണ്ടി ഉണ്ടാകും. ഈ പറഞ്ഞ ബുദ്ധിമുട്ടുകൂടി അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

(2) കായംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോടാണ് എന്റെ സബ്മിഷൻ. കായംകുളം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യത്തിന് അര നൂറ്റാണ്ടുകാലത്തെ പഴക്കമുണ്ട്. 2001-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ നിന്ന് ഒഴിയുന്നതിനുമുമ്പായി റവന്യൂ മന്ത്രിയായിരുന്ന ശ്രീ. കെ. ഇ. ഇസ്മയിൽ പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചതിൽ കായംകുളം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ 50 കൊല്ലക്കാലത്തിനിടയിൽ താലൂക്ക് പുനഃസംഘടനയേക്കുറിച്ച് പഠനം നടത്തുന്നതിന് സർക്കാർ നിയോഗിച്ചിട്ടുള്ള എല്ലാ കമ്മീഷനുകളും കായംകുളം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നതിന്റെ ആവശ്യകത അംഗീകരിച്ചിട്ടുണ്ട്. കാർത്തികപ്പള്ളി താലൂക്കിൽ പെടുന്ന കായംകുളം പ്രദേശത്ത് താലൂക്ക് സപ്ലൈ ഓഫീസ് ഒഴിച്ച് ഒരു താലൂക്ക് ആസ്ഥാനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഇന്ന് നിലവിലുണ്ട്. ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്ന റവന്യൂ ടവറിന്റെ പണി പൂർത്തിയാക്കിയാൽ താലൂക്ക് ആസ്ഥാനത്തിന്റെ സൗകര്യം അവിടെ ഒരുക്കാൻ സാധിക്കും. സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും പുതുതായി ഉണ്ടാകുന്നതല്ല. ചില അംഗങ്ങൾ താലൂക്ക് രൂപീകരിക്കുന്നതിനേക്കുറിച്ച് പറഞ്ഞ അവസരത്തിൽ സുന്ദരേശൻ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നശേഷം ഇക്കാര്യം പരിഗണിക്കാം എന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞു. ആ പരിഗണന വരുമ്പോൾ ഏറ്റവും മുന്തിയ പരിഗണന നൽകേണ്ട ഒന്നാണ് കായംകുളം കേന്ദ്രമാക്കിയുള്ള താലൂക്ക് എന്ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് അറിയാം. 10 കൊല്ലം മുമ്പ് ഇതേ സഭയിൽ കായംകുളത്തിന്റെ പ്രതിനിധിയായിരുന്ന ശ്രീ. തച്ചടി പ്രഭാകരൻ കായംകുളത്തിന് പുതിയ താലൂക്ക് വേണമെന്ന സബ്മിഷൻ ഉന്നയിച്ചപ്പോൾ മാണിസാറാണ് മറുപടി പറഞ്ഞത്. 10 കൊല്ലം മുമ്പ് അദ്ദേഹം പരിശോധിക്കാം എന്നു പറഞ്ഞകാര്യമാണ് അതുകൊണ്ട് സുന്ദരേശൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കായംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് അദ്ദേഹത്തോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.